11407
10/11/20

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി - പ്രളയം - 2019 – കോഴിക്കോട് ജില്ലയിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 17 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരുകോടി രണ്ട് ലക്ഷം രൂപ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (ഡി.ആർ.എഫ്.-എ) വകുപ്പ്

G.O.(Rt) No.3680/2020/RD തീയതി,തിരുവനന്തപുരം, 06/11/2020

---

പരാമർശം:- 1 27/10/2020 തീയതിയിലെ സ.ഉ.(സാധാ.)നം.856/2020/ഡി.എം.ഡി. ഉത്തരവ്

<u>ഉത്തരവ്</u>

2019 ലെ പ്രളയത്തിൽ കോഴിക്കോട് ജില്ലയിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 17 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനായി 6,00,000/- രൂപ (ആറ് ലക്ഷം രൂപ മാത്രം) നിരക്കിൽ ആകെ 1,02,00,000/- രൂപ (ഒരുകോടി രണ്ട് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ച പരാമർശ പ്രകാരം ഉത്തരവായിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായി 2019 ലെ പ്രളയത്തിൽ കോഴിക്കോട് ജില്ലയിൽ സ്ഥലവും വീടും നഷ്ടപ്പെട്ട 17 കുടുംബങ്ങൾക്ക് സ്ഥലം വാങ്ങുന്നതിനായി 6,00,000/- രൂപ (ആറ് ലക്ഷം രൂപ മാത്രം) നിരക്കിൽ ആകെ 1,02,00,000/- രൂപ (ഒരുകോടി രണ്ട് ലക്ഷം രൂപ മാത്രം) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

3. വിതരണത്തിന് ആവശ്യമായി വരുന്ന 1,02,00,000/- രൂപ (ഒരുകോടി രണ്ട് ലക്ഷം രൂപ മാത്രം) 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും കോഴിക്കോട് ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ ടി തുക താമസംവിനാ വിതരണം നടത്തി വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R SHEELA RANI
SPECIAL SECRETARY

ജില്ലാ കളക്ടർ, കോഴിക്കോട്.

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.

ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

ധനകാര്യ (ഫണ്ട്സ്) വകുപ്പ്

റവന്യൂ (ഡി.എം.ഡി-എ) വകുപ്പ്.

വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ